നിർമ്മാണത്തിലിരിക്കുന്ന ജലസേചന പദ്ധതികൾ

27 [2739] ശ്രീ. രാജു എബ്രഹാം :
,, എ. കെ ബാലൻ :
,, കെ. കെ. ജയചന്ദ്രൻ :
,, വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലിരിക്കുന്ന മേജർ ജലസേചന പദ്ധതികളോരോന്നിന്റേയും ഇപ്പോഴത്തെ സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ കാലാകാലങ്ങളിലുള്ള പുരോഗതി ഏറ്റവും ഒടുവിൽ വിലയിരുത്തിയത് എപ്പോഴാണ്;

(സി) പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്താൻ താമസിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) സർക്കാരിന്റെ മോണിറ്ററിംഗ് വിഭാഗത്തിന്റെ പ്രവർത്തനം ഫല പ്രദമല്ലാതായിട്ടുണ്ടോ;

(ഇ) പദ്ധതികൾക്കെല്ലാമായി കഴിഞ്ഞ മുന്ന് സാമ്പത്തിക വർഷവും ഈ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണ്; പണം വകയിരുത്തിയിരുന്ന പദ്ധതികൾ ഏവ; യഥാർത്ഥത്തിൽ ചെവിട്ടതെത്ര; ബഡ്ജറ്റിന് പുറത്ത് സ്പ്ലിമെന്ററിയായി ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിർമ്മാണത്തിലിരിക്കുന്ന മേജർ ജലസേചന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. കല്ലട
2. കുരിയാർകുറ്റി-കാരപ്പാറ
3. പഴശ്ശി
4. കാഞ്ഞിരപ്പുഴ
5. ഇടമലയാർ
6. മൂവാറ്റുപുഴ

കല്ലട പദ്ധതിയുടെ 97% പണികളും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതികളുടെ തെൻമലയിലുള്ള അണക്കെട്ടിൽ സംഭരിക്കുന്ന ജലം ഇടതു-വലതു കര മെയിൻ കനാലിലൂടെയും അവയുടെ ബ്രാഞ്ച് ഡിസ്ട്രിബ്യൂട്ടറികളിലൂടെയും തുറന്ന് വിടുന്നത് കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗിക്കുന്നുണ്ട്. കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയിൽ ഹൈക്കോടതി വിധി

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കുന്നതിനാവശ്യമായ കനാൽ നിർമ്മാണ പ്രവൃത്തികളും എം. ആർ. ബി. സി. ചെയിനേജ് 2010 മീറ്റർ മുതൽ 12075 മീറ്റർ വരെ വീതി കൂട്ടുന്ന പ്രവൃത്തികളുമാണ് ഇപ്പോൾ നടന്നുവരുന്നത്. പഴശ്ശി, കാഞ്ഞിരപ്പുഴ പദ്ധതികൾ പൂർണ്ണമായും കമ്മീഷൻ ചെയ്യാവുന്ന സ്ഥിതിയിലാണ്. ഇടമലയാർ ജലസേചന പദ്ധതിയുടെ പണികൾ ഊർജ്ജിതമായി നടന്നുവരുന്നു. ടി പദ്ധതി 2007-ൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ പണികളും ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുന്നു. ഈ പദ്ധതി ഈ സാമ്പത്തികവർഷം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) എല്ലാ വൻകിട ജലസേചന പദ്ധതികളുടേയും പ്രവർത്തന പുരോഗതി ഡിപ്പാർട്ട്മെന്റ് തലത്തിൽ എല്ലാ മാസവും വിലയിരുത്താറുണ്ട്. കല്ലട ജലസേചന പദ്ധതിയുടെ പുരോഗതി സെൻട്രൽ വാട്ടർ കമ്മീഷന്റെ മോണിറ്ററിംഗ് ടീം 2004 മേയ് മാസത്തിലാണ് ഏറ്റവും ഒടുവിൽ വിലയിരുത്തിയിട്ടുള്ളത്.

ഇടമലയാർ ജലസേചന പദ്ധതിയുടെ പുരോഗതിയെക്കുറിച്ചും ആക്ഷൻ പ്ലാൻ മുതലായവയെക്കുറിച്ചും പദ്ധതി വിഭാഗം ചീഫ് എഞ്ചിനീയർ 22-6-2004-ൽ ചർച്ച നടത്തുകയും പുരോഗതി വിലയിരുത്തുകയും ചെയ്തു. മൂവാറ്റുപുഴ പദ്ധതി പ്രദേശം ജലവിഭവ മന്ത്രിയും ഉയർന്ന ഉദ്യോഗസ്ഥരും 2004 മേയ് മാസം മൂന്നാം വാരം സന്ദർശിക്കുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തു.

(സി) പദ്ധതി വിഹിതത്തിന്റെ കുറവ്, സമ്പത്തിക പ്രതിസന്ധി മൂലം പദ്ധതിക്കുള്ള ഫണ്ടും ലെറ്റർ ഓഫ് ക്രെഡിറ്റും യഥാസമയം നൽകുവാൻ കഴിയാത്ത അവസ്ഥ, കോടതി നടപടികൾ മൂലം പണികൾക്കുള്ള തടസ്സം, റെയിൽവേ, വാട്ടർ അതോറിറ്റി മുതലായ വകുപ്പുകൾ ചെയ്യേണ്ട ജോലികൾ യഥാസമയം ചെയ്തു തീർക്കാത്ത അവസ്ഥ, പ്രീക്വാളിഫിക്കേഷൻ ബിഡുകൾക്ക് അനുമതി നൽകുവാൻ വരുന്ന കാലതാമസം തുടങ്ങിയവയാണ് പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്താൻ താമസിക്കുന്നതിനുള്ള കാരണങ്ങൾ.

പ്രതികൂല കാലാവസ്ഥ, മണലിന്റെ ലഭ്യതക്കുറവ്, സ്ഥലമേറ്റെടുക്കുന്നതിലുള്ള കാലതാമസം എന്നിവയും കാരണങ്ങളാണ്.

(ഡി) ഇല്ല.

(ഇ) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ഭൂജല സംരക്ഷണ പദ്ധതി

28 [2741] ശ്രീ. റോഷി അഗസ്റ്റിൻ :
,, തോമസ് ചാഴികാടൻ :
,, കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല സംരക്ഷണ പദ്ധതി നടപ്പാക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly